**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 616** **28-06-2022 - ൽ മറുപടിയ്ക്ക്**

**സംയോജിത റൈസ് പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്ഥാപിക്കുന്ന സംയോജിത റൈസ് പാർക്കുകളുടെ പ്രവർത്തന ലക്ഷ്യം വിശദമാക്കാമോ; | (എ) | നെൽകൃഷിയുടെ വിസ്തൃതി മൂന്നുലക്ഷം ഹെക്ടർ കൈവരിക്കുക എന്ന ലക്ഷ്യത്തിലെത്താൻ കൃഷി കൂടുതൽ ആദായകരമാകണം. മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണിയിലിറക്കിയാണ് ഈ നേട്ടം കൃഷിക്കാർക്കു ലഭ്യമാക്കാൻ സാധിക്കുന്നത്. സർക്കാർ സംഭരിക്കുന്ന നെല്ലിന്റെ ഭൂരിഭാഗവും പാലക്കാട്ടും ആലപ്പുഴയിലുമുള്ള റൈസ് ടെക്നോളജി പാർക്കുകളിലൂടെ സംസ്കരിച്ച് ബ്രാൻഡഡ് അരിയായും വിവിധ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കിയും വിപണിയിലെത്തിക്കുക എന്നതാണ് റൈസ് പാർക്കുകളുടെ പ്രവർത്തന ലക്ഷ്യം.<br><br>നിർദ്ദിഷ്ട രീതിയിൽ അരിയാക്കി, പായ്ക്ക് ചെയ്തു കൊടുക്കുന്നതിനുള്ള സൗകര്യങ്ങൾ കർഷക ഗ്രൂപ്പുകൾക്ക് ചെയ്തുകൊടുക്കും. നെല്ലും, അരിയും, ഉൽപന്നങ്ങളും സൂക്ഷിക്കുന്ന വിപുലമായ ഗോഡൗൺ സൗകര്യങ്ങൾ, മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ എന്നിവയും ഇതിലുൾപ്പെടും. |
| (ബി) | റൈസ് പാർക്ക് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ? | (ബി) | പാലക്കാട് റൈസ് ടെക്നോളജി പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ കിൻഫ്രയുടെ മെഗാ ഫുഡ് പാർക്കിൽ ആരംഭിച്ചു. 2023 മാർച്ച് മാസത്തിൽ പൂർത്തിയാകുന്ന നിലയിൽ നിർമ്മാണം പുരോഗമിക്കുകയാണ്. ആലപ്പുഴയിൽ പ്രഭുറാം മില്ലിന്റെ കൈവശമുള്ള അധികഭൂമിയിൽ 5.18 ഏക്കർ സ്ഥലത്താണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആലപ്പുഴയിൽ റൈസ് പാർക്ക് സ്ഥാപിക്കുന്നതിന്റെ ഭാഗമായി റൈസ് മിൽ സ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടികൾ വഴി കരാറുകാരനെ നിശ്ചയിച്ചിട്ടുണ്ട്. പ്രഭുറാം മില്ലിന്റെ കൈവശമുള്ള 5.18 ഏക്കർ ഭൂമി കൈമാറി ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ